# വൈഖരി

## അനങ്ങനടി ഹയർ സെക്കന്ററി സ്കൂളിന്റെ പത്രം

## ഡിസംബർ 2019

**പത്രാധിപസമിതി അംഗങ്ങൾ**

**എഡിറ്റർ**

**ഗോകുൽ പി**

**ക്യാമറാ മാൻ**

ആദർശ് ടി പി

**റിപ്പോർട്ടർമാർ**

കൃഷ്ണാഞ്ജന

ഹൈഫ

ഷഹനാസ്

ഫർസാന

ലബീബ

***ചിന്താ വിഷയം***

*ആരെയും ഒരു ചെറുചിരിയോടെ സ്വീകരിച്ചു നോക്കൂ. അവരെ അംഗീകരിക്കുന്നു. സ്വീകരിക്കുന്നു. എന്നു തോന്നലുണ്ടായാൽ അവരിലും ആ മാറ്റം കാണാം. നല്ല വാക്കും പുഞ്ചിരിയുമാണ് മറ്റുള്ളവർക്ക് നല്കാവുന്നതിൽ വെച്ച് ഏറ്റവും വിലയേറിയ നല്ല സമ്മാനങ്ങൾ*

### മാഗസിൻ പ്രകാശനം





*മാഗസിൻ പ്രകാശനത്തിൽ നിന്ന്*

നവംബർ ഒന്നാം തീയതി ഉച്ചയ്ക്ക് ലിറ്റിൽ കൈറ്റ്സ് മാഗസിൻ "മുകുളം" എച്ച് എം ജയശ്രീടീച്ചർ പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരണചടങ്ങിൽ ഗിരീഷ് മാസ്റ്റർ, സജിത്ത് മാസ്റ്റർ(sitc), ശ്രീധരൻമാസ്റ്റർ (സ്റ്റാഫ്സെക്രട്ടറി), രജനിടീച്ചർ(ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപിക),ഗോകുൽ(ലിറ്റിൽകൈറ്റ്സ് ലീഡർ),കൃഷ്ണാഞ്ജന (ലിറ്റിൽകൈറ്റ്സ് സഹ ലീഡർ) എന്നിവർ സംസാരിച്ചു.

## പിടിഎ പൊതുയോഗം





പി ടി എ ജനറൽ ബോഡിയിൽ നിന്ന്

നവംബർ26ന് ഉച്ചയ്ക്ക് 1.30 ന് മാതൃസംഗമവും 2.30ന് പിടിഎ ജനറൽ ബോഡിയും നടന്നു. പിടിഎ പൊതുയോഗത്തിൽ ജയശ്രീടീച്ചർ(എച്ച്.എം), ജയകുമാർമാസ്റ്റർ(പ്രിൽസിപ്പൾ) ,ഗിരീഷ് മാസ്റ്റർ(ഡെപ്യൂട്ടി എച്ച് എം) ,ശ്രീധരൻമാസ്റ്റർ(സ്റ്റാഫ് സെക്രട്ടറി), ജയപ്രകാശ് (പിടി എ പ്രസിഡന്റ്), എന്നിവർ സംസാരിച്ചു. തുടർന്ന് ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് ലീഡർ ഗോകുലിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ പ്രസന്റേഷനും വീഡിയോയും അവതരിപ്പിച്ചു. മാതാപിതാക്കൾക്ക് അഭിപ്രായപ്രകടനത്തിനുള്ള അവസരവും നൽകി. അന്നേദിവസം തന്നെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്മാർട്ട് അമ്മ പ്രോഗ്രാമും സംഘടപ്പിച്ചു.അതിൽ രജനിടീച്ചർ,അമൃതടീച്ചർ എന്നിവർ സംസാരിച്ചു.

ഒറ്റപ്പാലം ഉപജില്ല ഉറുദു ടാലന്റ് സേർച്ച് എക്സാം വിജയികൾ

എട്ടാംക്ലാസ് - റിൻഷിദ (8 എം)

മുർഷിദ (8 ജി)

ഒൻപതാം ക്ലാസ്- ഫിദ നസ്റിൻ (9 ഐ)

അസ്ന ഷെറിൻ (9 ഐ)

പത്താം ക്ലാസ് - റീമ ഫാത്തിമ (10 ബി)

സബ്ജില്ലാ കലോത്സവം

നമ്മുടെ സ്കൂളിൽ നിന്ന് പങ്കെടുത്ത വിദ്യാർത്ഥികൾ കലോത്സവത്തിൽ മികച്ചപ്രകടനം കാഴ്ചവെച്ചു. പല ഇനങ്ങളിലും ജില്ലാസെലക്ഷനും കരസ്ഥമാക്കി.

പീരിയോഡിക് ടേബിളിന്റെ 150 വാർഷികം



പീരിയോഡിക് ടേബിളിന്റെ 150 വാർഷികത്തോടനുബന്ധിച്ച് പീരിയോഡിക് ടേബിളിന്റെ അവതരണവും ജാഥയും നടന്നു ജാഥ എച്ച് എം ഫ്ലാഗ് ഓഫ് ചെയ്തു

## എൻ സി സി ക്യാമ്പ്



നവംബർ പതിനെട്ടാം തീയതി മുതൽ ഇരുപത്തി രണ്ടാം തീയതി വരെ എൻ സി സി ഫയറിങ്ങ് ക്യാമ്പ് അനങ്ങനടി സ്കൂളിന്റെ ഗ്രൗണ്ടിൽ വെച്ച് നടന്നു. നിരവധി എൻ സി സി കേഡറ്റുകൾ പങ്കെടുത്തു.

## ജെ ആർ സി ക്യാമ്പ്




നവംബർ23-24 തീയതികളിൽ നമ്മുടെ സ്കൂളിൽ വെച്ച് ജെ ആർ സി ക്യാമ്പ് സംഘടിപ്പിച്ചു. ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## ശിശുദിനം

ശിശു ദിനത്തോടനുബന്ധിച്ച് ജെ ആർ സി വിദ്യാർത്ഥികൾ ജാഥ നടത്തി. അന്നേദിവസം വിവിധകലാപരിപാടികൾ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. കലാപരിപാടികൾക്ക് ജയകുമാർ മാസ്റ്റർ തിരിതെളിയിച്ചു. പ്രസ്തുത ചടങ്ങിൽ രാമകൃഷ്ണൻ മാസ്റ്റർ, ജയപ്രകാശ് ,ജയശ്രീടീച്ചർ,ശ്രീധരൻ മാസ്റ്റർ എന്നിവർ സംസാരിച്ചു.

## വിമുക്തി

നവംബർ പതിനാലിന് സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും വിമുക്തിയുടെ ബാഡ്ജ് ധരിച്ചാണ് സ്കൂളിൽ എത്തിയത്. അന്നേദിവസം എല്ലാ ക്ലാസുകളിലും ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ലഹരി വിമുക്തഷോട്ട്ഫിലിം കാണിച്ചു.

## ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്

നവംബർ 16-17 തീയതികളിലായി ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ തല ക്യാമ്പ് അനങ്ങനടി ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നടന്നു.ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഡിസംബർ 7-8തീയതികളിലാണ് ക്യാമ്പ്

വെബ് പേജ് ക്യൂ ആർ കോഡ്

**hssnanganadi.home.blog**

## ഒറ്റപ്പാലം ഉപജില്ല ഉറുദു ടാലന്റ് സേർച്ച് എക്സാം വിജയികൾ

എട്ടാംക്ലാസ് - റിൻഷിദ (8 എം)
മുർഷിദ (8 ജി)
ഒൻപതാം ക്ലാസ്- ഫിദ നസ്റിൻ (9 ഐ)
അസ്ന ഷെറിൻ (9 ഐ)
പത്താം ക്ലാസ് - റീമ ഫാത്തിമ (10 ബി)

## ടാലന്റ് സേർച്ച് എക്സാമിനേഷൻ

നവംബർ എട്ടാം തീയതി സാമൂഹ്യശാസ്ത്ര ടാലന്റ് സേർച്ച് എക്സാമിനേഷൻ നമ്മുടെ സ്കൂളിൽ വെച്ച് നടന്നു.

## സംസ്ഥാനസ്കൂൾ ശാസ്ത്രമേളയിൽ വൻ നേട്ടം

സംസ്ഥാനസ്കൂൾ ശാസ്ത്രമേളയിൽ നമ്മുടെ സ്കൂളിൽനിന്ന് ഗണിതശാസ്ത്രമേളയിൽ പങ്കെടുത്ത ഇർഷാദ് ഐടി മേളയിൽ പങ്കെടുത്ത വിഘ്നേഷ് എന്നിവർ എഗ്രേഡ് നേടി. വിഘ്നേഷ് ലിറ്റിൽ കൈറ്റ്സ് അംഗമാണ്.

ഇർഷാദ് സ്റ്റിൽമോഡലിനും, വിഘ്നേഷ് അനിമേഷനുമാണ് പങ്കെടുത്തത്

## അറിയിപ്പുകൾ

ലിറ്റിൽ കൈറ്റ്സിനും ഇനി യൂണിഫോം
ജനുവരി മാസത്തോടെ എട്ട് ഒൻപത് ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് യൂണിഫോം ലഭ്യമാക്കുമെന്ന് അമൃതടീച്ചർ അറിയിച്ചു.

മാത്സ് ടാലന്റ് സേർച്ച് എക്സാമിനേഷൻ
മാത്സ് ടാലന്റ് സേർച്ച് എക്സാമിനേഷൻ ഡിസംബർ 6 വെള്ളിയാഴ്ച്ച നടത്തുമെന്ന് ശ്രീധരൻ മാസ്റ്റർ അറിയിച്ചു.

സ്കൂൾ വാർഷികം
സ്കൂൾ വാർഷികം ജനുവരി 4ന് നടത്തുമെന്ന് എച്ച് എം ജയശ്രീടീച്ചർ അറിയിച്ചു.

## സബ്ജില്ലാ കലോത്സവം

നമ്മുടെ സ്കൂളിൽ നിന്ന് പങ്കെടുത്ത വിദ്യാർത്ഥികൾ സബ്ജില്ലാ കലോത്സവത്തിൽ മികച്ചപ്രകടനം കാഴ്ചവെച്ചു. പല ഇനങ്ങളിലും ജില്ലാസെലക്ഷനും കരസ്ഥമാക്കി.

## ജില്ലാ കലോത്സവം

നമ്മുടെ സ്കൂളിൽ നിന്ന് പങ്കെടുത്ത വിദ്യാർത്ഥികൾ ജില്ലാകലോത്സവത്തിൽ മികച്ചപ്രകടനം കാഴ്ചവെച്ചു. പങ്കെടുത്ത എല്ലാ ഇനങ്ങളിലും എ ഗ്രേഡ് കരസ്ഥമാക്കി.